F.Y.
March 2014



## Part - III

## BUSINESS STUDIES

Maximum : 80 Scores

Time : 2½ Hours
Cool off time : 15 Minutes

***General Instructions to Candidates :***

- There is a 'Cool off time' of 15 minutes in addition to the writing time of 2½ hrs.
- You are neither allowed to write your answers nor to discuss anything with others during the 'cool off time'.
- Use the 'cool off time' to get familiar with questions and to plan your answers.
- Read the questions carefully before answering.
- All questions are compulsory and only internal choice is allowed.
- When you select a question, all the sub-questions must be answered from the same question itself.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except nonprogrammable calculators are not allowed in the Examination Hall.

**നിർദ്ദേശങ്ങൾ:**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപ ചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തര പേപ്പറിൽത്തന്നെ ഉണ്ടായിരിക്കണം.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

1. Equity shareholders are called .....
   a) owners of the company
   b) partners of the company
   c) executives of the company
   d) guardians of the company (1)

2. LIC is an example of a ............
   a) multinational company
   b) departmental undertaking
   c) statutory corporation
   d) none of these (1)

3. Environmental protection can best be done by the efforts of the ...........
   a) business people
   b) governments
   c) scientists
   d) all the people (1)

4. .......... are the means importing foreign goods from some countries to reexport them to other countries. (1)

5. ......... are programmes designed to corrupt data in a system. (1)

6. Name the type of account opened in a bank with an overdraft facility. (1)

1. ഇക്വിറ്റി ഷെയർ ഉടമകൾ വിളിക്കപ്പെടുന്നത് ................
   a) കമ്പനി ഉടമസ്ഥൻ
   b) കമ്പനി പാർട്ണർമാർ
   c) കമ്പനി എക്സിക്യൂട്ടീവുകൾ
   d) കമ്പനി ഗാർഡിയൻ (1)

2. എൽ ഐ സി ഒരു ............ സ്ഥാപനത്തിന് ഉദാഹരണമാണ്.
   a) ബഹുരാഷ്ട്ര കമ്പനി
   b) ഡിപ്പാർട്ടുമെന്റൽ സ്ഥാപനം
   c) സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷൻ
   d) ഇവയൊന്നുമല്ല (1)

3. .................... പരിശ്രമത്തിലൂടെ പരിസ്ഥിതി സംരക്ഷണം നന്നായി ചെയ്യാം.
   a) വ്യവസായികളുടെ
   b) സർക്കാരിന്റെ
   c) ശാസ്ത്രജ്ഞൻമാരുടെ
   d) മേൽപറഞ്ഞ എല്ലാ ആൾക്കാരുടേയും (1)

4. വിദേശ രാജ്യങ്ങളിൽ നിന്നും ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്ത് മറ്റു വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നതാണ് ................ (1)

5. ഒരു സിസ്റ്റത്തിലെ വിവരങ്ങൾ തെറ്റായി മാറ്റി മറിക്കുന്ന പ്രോഗ്രാമുകളാണ് ................ (1)

6. ഓവർഡ്രാഫ്റ്റ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ട് ഏതാണ്? (1)

7. Absence of salesmen is an important feature of this shop. Identify this shop. (1)

8. Small Industries Development Bank of India (SIDBI) has been set up in the year 1990 with a view for the promotion and development of small industries in India. Mr. Gautham, a small industrialist, wants to know the functions of SIDBI. Write any two functions to satisfy him. (2)

9. Name any four resources required for e-commerce. (2)

10. Hari, a 12 – year – old boy, is working in a coal mine. His friends go to school everyday. But he is doing dangerous work in the coal mine. As a human rights activist, what will be your response? Explain. Can you name one more such violation? (2)

11. Mr. Shyam is a leading advocate in Ernakulam. He is also working as a lecturer in a Law college. Identify and distinguish the activities in which Mr. Shyam is engaged. Give at least two distinctions. (3)

7. സെയിൽസ്മാൻ ഇല്ല എന്നതാണ് ഈ ഷോപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത. ഈ ഷോപ്പ് ഏതെന്ന് തിരിച്ചറിയുക. (1)

8. ഇൻഡ്യയിലെ ചെറുകിട വ്യവസായത്തിന്റെ വളർച്ചയ്ക്കും വികസനത്തിനുമായി 1990-ൽ രൂപീകരിക്കപ്പെട്ടതാണ് SIDBI. ഒരു പുതിയ ചെറുകിട വ്യവസായിയായ മി. ഗൗതമിന് SIDBI യുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്നറിയാൻ താല്പര്യമുണ്ട്. അവയുടെ ഏതെങ്കിലും രണ്ട് പ്രവർത്തനങ്ങൾ എഴുതി അദ്ദേഹത്തെ തൃപ്തിപ്പെടുത്തുക. (2)

9. ഇ-കോമേഴ്സിന് ആവശ്യമായ ഏതെങ്കിലും നാല് വിഭവങ്ങളുടെ പേരെഴുതുക. (2)

10. 12 വയസ്സുള്ള ഹരി കൽക്കരി ഖനിയിലാണ് ജോലി നോക്കുന്നത്. അവന്റെ കൂട്ടുകാർ എന്നും സ്കൂളിൽ പോയി പഠിക്കുന്നു. പക്ഷെ ഹരി കൽക്കരി ഖനിയിലെ അപകടകരമായ ജോലികൾ ചെയ്യുകയാണ്. ഒരു മനുഷ്യാവകാശ പ്രവർത്തകൻ എന്ന നിലയ്ക്ക് എന്തായിരിക്കും നിങ്ങളുടെ പ്രതികരണം. വിശദീകരിക്കുക. ഇതുപോലുള്ള മറ്റൊരു നിയമലംഘനം ഏതാണ്? (2)

11. മി. ശ്യാം എറണാകുളത്തെ ഒരു പേരെടുത്ത വക്കീലാണ്. അതോടൊപ്പം ലോ കോളേജിൽ ലക്ചററായി ജോലി നോക്കുകയും ചെയ്യുന്നു. അദ്ദേഹം പ്രവർത്തിക്കുന്ന മേഖലകൾ കണ്ടെത്തി താരതമ്യം ചെയ്യുക. ഏതെങ്കിലും രണ്ട് വ്യത്യാസങ്ങൾ എഴുതുക. (3)

12. Mr. Ganesh, a sole trader, acquired a machinery on a monthly rental basis from an outside agency. Identify the type of financial services in which he entered into. Explain it. (3)

13. Suppose, Kerala Pharmaceuticals Ltd., registered under the Companies Act, 1956, was started with a paid up capital of Rs. 25,00,000. 40% of this paid up capital is in the hands of private individuals and the balance is held by the Government of Kerala. Kerala Pharmaceuticals Ltd. belongs to which form of Public Sector Enterprise? Explain its two merits. (3)

14. These are shares which carry preferential rights over equity shares. Being a commerce student, identify these type of shares and state their rights discussed as above. (3)

15. Mr. George is a planter and trader of spices in Idukki. In the global spices meet held at Kochi, he got an order to export spices to the UK. But he is not aware of the export formalities. Support Mr. George by listing any eight steps of the export procedures. (4)

12. മി. ഗണേഷ് ഒരു വ്യാപാരിയാണ്. മാസ വാടകയ്ക്ക് പുറത്തുള്ള ഒരു ഏജൻസിയുടെ കയ്യിൽ നിന്നും അദ്ദേഹം യന്ത്രങ്ങൾ വാങ്ങി. ഇത് ഏതു സാമ്പത്തിക സേവനത്തിൽ പെടുന്നതാണ്. വിശദീകരിക്കുക. (3)

13. 1956- ലെ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത 25,00,000.രൂപ അടച്ചു തീർത്ത മൂലധനത്തോട ബിസിനസ്സ് ആരംഭിച്ച കമ്പനിയാണ് കേരള ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് എന്ന് കരുതുക. അടച്ചു തീർത്ത മൂലധനത്തിന്റെ 40% സ്വകാര്യ വ്യക്തികളിലും ബാക്കി കേരള സർക്കാരിന്റെ അധീനതയിലുമാണ്. ഇത് ഏതുതരത്തിലുള്ള കമ്പനിയാണെന്ന് തിരിച്ചറിയുക. അത്തരം കമ്പനികളുടെ രണ്ട് ഗുണങ്ങൾ എഴുതുക. (3)

14. ഇക്വിറ്റി ഷെയറുകളേക്കാൾ മുൻഗണന അവകാശങ്ങളുള്ള ഷെയറുകളാണിവ. ഒരു കൊമേഴ്സ് വിദ്യാർത്ഥി എന്ന നിലയ്ക്ക് ഇത്തരം ഷെയറുകൾ ഏതെന്ന് കണ്ടെത്തി ഇതിന്റെ മേൽപറഞ്ഞ രണ്ട് അവകാശങ്ങൾ എഴുതുക. (3)

15. മി. ജോർജ് ഇടുക്കിയിലെ ഒരു സുഗന്ധ വ്യഞ്ജന തോട്ടമുടമയും വ്യാപാരിയുമാണ്. കൊച്ചിയിൽ നടന്ന ആഗോള സുഗന്ധ വ്യഞ്ജന മേളയിൽ UK യിലേയ്ക്ക് സുഗന്ധ വ്യഞ്ജനങ്ങൾ കയറ്റുമതി ചെയ്യാൻ മി. ജോർജിന് ഒരു ഓർഡർ ലഭിച്ചു. പക്ഷെ കയറ്റുമതി നടപടികളെക്കുറിച്ച് അദ്ദേഹം ബോധവാനല്ല. കയറ്റുമതി നടപടിക്രമങ്ങ ളിൽ ഏതെങ്കിലും എട്ട് എണ്ണം എഴുതി മി. ജോർജിനെ സഹായിക്കുക. (4)

16. Mr. Madhu has got some rich idea on the development of a new type of two–wheeler, but is confronted with many problems. He does not have any idea to promote and distribute the product. What are the various hindrances he may face during this course? Also suggest the possible remedies to overcome these hindrances. (4)

17. A group discussion is scheduled in your class on "Environmental Pollution and Business." As a group leader, explain any four major causes of environmental pollution. (4)

18. Match column 'A' with column 'B' and 'C'. (5)

16. പുതിയ ഇരുചക്ര വാഹനങ്ങൾ ഉണ്ടാക്കുന്നതിന് മി. മധുവിന് പുതിയ ഒരു ആശയം കിട്ടി. പക്ഷെ കുറെ പ്രശ്നങ്ങൾ വന്നുചേർന്നു. ഉല്പന്നം വിപണിയിൽ പ്രോൽസാഹിപ്പിക്കുവാനും വിതരണം ചെയ്യാനുമുള്ള ആശയം അയാൾക്കില്ല. അയാൾ അഭിമുഖീകരിക്കാവുന്ന തടസ്സങ്ങളും അവ മറികടക്കാനുള്ള മാർഗ്ഗങ്ങളും നിർദ്ദേശിക്കുക. (4)

17. "അന്തരീക്ഷ മലിനീകരണവും ബിസിനസ്സും" എന്ന വിഷയത്തിൽ ഒരു ഗ്രൂപ്പ് ചർച്ച നിങ്ങളുടെ ക്ലാസിൽ സംഘടിപ്പിച്ചിരിക്കുന്നു. ഗ്രൂപ്പ് ലീഡർ എന്ന നിലയിൽ അന്തരീക്ഷ മലിനീകരണത്തിന്റെ നാലു കാരണങ്ങൾ വിശദീകരിക്കുക. (4)

18. കോളം A, B യും C യു മായി യോജിപ്പിക്കുക. (5)

| | A | B | C |
|---|---|---|---|
| a) | Economic causes of risk | means of livelihood | new products |
| b) | Profit | terrorism | trade depression |
| c) | Business | latest technology | World Trade Center |
| d) | Human causes of risk | profit motive | goodwill |
| e) | Innovation | change in demand | risk |

19. Modern means of communication helps in making the exchange of ideas and information faster. Explain the modern means of communication. (5)

20. Krishna Ltd. is a company established in India. They extended their operations to the UK and the USA by establishing places of business in these countries.
   a) Identify which type of company is Krishna Ltd.
   b) Explain its four features. (5)

21. Explain the meaning of ploughing back of profit. Explain any five merits. (6)

22. A commerce teacher, while going through the topic, "Internal Trade", Cites the examples of 'Bata Shoe Company', having its headquarters in Mumbai where it has its showrooms at different locations of the city as well as in various cities all over India. The products of the company carry the same price in all these showrooms.
   a) Identify the type of shop cited in the example.
   b) List any five features of such shops. (6)

19. പുതിയ ആശയ വിനിമയ ഉപാധികൾ ആശയങ്ങളും വിവരങ്ങളും എളുപ്പത്തിൽ വളരെ വേഗം കൈമാറാൻ സഹായിക്കുന്നു. പുതിയ ആശയ വിനിമയ ഉപാധികൾ ഏതൊക്കെയെന്ന് വിശദീകരിക്കുക. (5)

20. ഇൻഡ്യയിൽ സ്ഥാപിതമായ ഒരു കമ്പനിയാണ് കൃഷ്ണാ ലിമിറ്റഡ്. UK യിലേയ്ക്കും USA യിലേയ്ക്കും അവർ അവരുടെ ബിസിനസ്സ് വിപുലീകരിച്ചു.
   a) ഏത് തരത്തിലുള്ള കമ്പനിയാണ് കൃഷ്ണ ലിമിറ്റഡ്.
   b) ഇത്തരം കമ്പനികളുടെ നാല് സവിശേഷതകൾ എഴുതി വിവരിക്കുക. (5)

21. പ്ലവ്വിംങ് ബാക്ക് ഓഫ് പ്രോഫിറ്റ് എന്താണന്ന് വിശദീകരിക്കുക. അതിന്റെ ഏതെങ്കിലും അഞ്ച് ഗുണങ്ങൾ വിവരിക്കുക. (6)

22. "ആഭ്യന്തര വ്യാപാരം" എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് എടുക്കുമ്പോൾ ഒരു കൊമേഴ്സ് ടീച്ചർ 'ബാറ്റ ഷൂ കമ്പനി' യെ ഉദാഹരിക്കുന്നു. അതിന്റെ ആസ്ഥാനം മുംബൈയാണ്, അതിന് മുംബൈ സിറ്റിയിൽ തന്നെ പലയിടത്തും ഷോറൂമുകൾ ഉണ്ട്. അതു പോലെ ഇന്ത്യയിലെ മറ്റു പ്രധാന സിറ്റികളിലും ഷോറൂമുകൾ ഉണ്ട്. എല്ലാ ഷോറൂമുകളിലേയും ഉൽപ്പന്ന വില ഒന്നു തന്നെയാണ്.
   a) ഉദാഹരണത്തിൽ പറഞ്ഞ ഷോപ്പ് ഏത് തരത്തിൽ പെട്ടതെന്ന് പറയുക.
   b) ഇത്തരം ഷോപ്പുകളുടെ അഞ്ച് സവിശേഷതകൾ എഴുതുക. (6)

23. Mr. Nassar, a Gulf returnee, intends to start a business in the form of a private limited company. But he has no idea about the formalities to be followed in the formation of a company.

a) As a commerce student, can you suggest a specialized person who would undertake all activities for the formation of a company?

b) Explain the functions of those specialized persons. (8)

OR

Memorandum of Association and Articles of Association are the two important documents of a company. As a commerce student, can you differentiate between these two documents? (8)

**23.** മി. നാസർ ഗൾഫിൽ നിന്നും തിരിച്ചു വന്ന ആളാണ്. അദ്ദേഹം ഒരു പ്രൈവറ്റ് കമ്പനി തുടങ്ങാൻ ആഗ്രഹിക്കുന്നു. എന്നാൽ അദ്ദേഹത്തിന് കമ്പനി രൂപീകരണത്തെക്കുറിച്ച് വലിയ അറിവില്ല.

a) ഒരു കൊമേഴ്സ് വിദ്യാർത്ഥി എന്ന നിലയ്ക്ക്, ഒരു കമ്പനി തുടങ്ങുന്നതു മായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ ഏറ്റെടുക്കാൻ വിദഗ്ദനായ ഒരു വ്യക്തിയെ നിർദ്ദേശിക്കാമോ?

b) അത്തരം വ്യക്തികളുടെ കർത്തവ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുക. (8)

**അല്ലെങ്കിൽ**

ഒരു കമ്പനിയുടെ രണ്ടു പ്രധാനപ്പെട്ട രേഖകൾ ആണ് മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും. ഒരു കൊമേഴ്സ് വിദ്യാർത്ഥി എന്ന നിലയ്ക്ക് ഇതിന്റെ രണ്ടിന്റേയും വ്യത്യാസങ്ങൾ എഴുതുക. (8)

24. Your neighbor is asking you about the merits and demerits of joint stock companies. Can you prepare a paper regarding the merits and demerits of a joint stock company? (8)

OR

Mr. Manoj is running a ladies store. As he has no business partners in the shop, he appointed two more ladies to assist him in trading activities for a salary of Rs. 2,000 per month.

a) What form of organization does Mr. Manoj own?

b) State any four advantages and three disadvantages of the organization's. (8)

24. നിങ്ങളുടെ അയൽക്കാരൻ ജോയിന്റ് സ്റ്റോക്ക് കമ്പനിയുടെ ഗുണങ്ങളേയും ദോഷങ്ങളേയും കുറിച്ച് നിങ്ങളോട് ചോദിക്കുന്നു. ജോയിന്റ് സ്റ്റോക്ക് കമ്പനിയുടെ ഗുണങ്ങളേയും ദോഷങ്ങളേയും കുറിച്ച് ഒരു പേപ്പർ തയ്യാറാക്കുക. (8)

അല്ലെങ്കിൽ

ശ്രീ. മനോജ് ഒരു ലേഡീസ് സ്റ്റോർ നടത്തുന്നു. ബിസിനസ്സിൽ അദ്ദേഹത്തിന് പങ്കാളികളില്ല. രണ്ട് സ്ത്രീകളെ സഹായത്തിനായി നിയമിക്കുന്നു. അവർക്ക് പ്രതിമാസം 2,000 രൂപ ശമ്പളവും കൊടുക്കുന്നു.

a) ഏതു തരത്തിലുള്ള സ്ഥാപനമാണ് മനോജിന്റെ ഉടമസ്ഥതയിലുള്ളത്?

b) ഈ സ്ഥാപനത്തിന്റെ ഏതെങ്കിലും നാല് ഗുണങ്ങളും മൂന്ന് ദോഷങ്ങളും എഴുതുക. (8)